**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5712** **16-03-2023 - ൽ മറുപടിയ്ക്ക്**

**വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി കൂടുതൽ വിജിലൻസ് കോടതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിജിലൻസ് കേസുകളിലെ അന്വേഷണം പൂർത്തിയാക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയക്രമം കാലോചിതമായി പരിഷ്കരിക്കുക, അന്വേഷണാനുമതി, പ്രോസിക്യൂഷൻ അനുമതി എന്നിവ നൽകുന്നതിനും, കോടതി കുറ്റവിമുക്തരാക്കുന്ന കേസുകളിൽ അപ്പീൽ സാധ്യതയുള്ളവയിൽ അത് ഫയൽ ചെയ്യുന്നതിനും സമയക്രമം നിശ്ചയിക്കുക, അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>സംസ്ഥാനത്ത് ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിക്കുന്നതിന് ഭരണപരമായ തീരുമാനമെടുത്ത് ബഹു. ഹൈക്കോടതിയുടെ കൺകറൻസ് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | വിജിലൻസ് കേസന്വേഷണത്തിന്റെ ഭാഗമായുള്ള സാമ്പിൾ പരിശോധനയ്ക്ക് വിജിലൻസിന് മാത്രമായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നൽകുന്ന സാമ്പിളുകൾ ഫോറൻസിക് സയൻസ് ലാബോറട്ടറിയിൽ മുൻഗണനാടിസ്ഥാനത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ബ്യൂറോയ്ക്ക് മാത്രമായി പ്രത്യേക ഡോക്യുമെന്റ് ഡിവിഷൻ ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വിജിലൻസ് കേസന്വേഷണങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിവിധ വകുപ്പുകളുടെ ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ? | (സി) | 05.04.1997 ലെ സ.ഉ.(പി) നം.18/97/വിജി പ്രകാരം വിജിലൻസ് കേസന്വേഷണങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്ക് വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ പരിശീലനം നൽകി വരുന്നുണ്ട്. ഐ.എം.ജി., കില തുടങ്ങിയ പരിശീലന സ്ഥാപനങ്ങളിലെ പരിശീലന പരിപാടികളിലും |

| | | | |
|---|---|---|---|
| | | | വിജിലൻസ് പരിശീലനം കൂടി ഉൾപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ